ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20.09.2025**

## പ്രധാനവാർത്തകൾ

1) ഗുജറാത്തിലെ ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു.

2) ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച് കൊച്ചിയിൽ നടക്കുന്ന അവലോകന യോഗത്തിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് അധ്യക്ഷത വഹിക്കും.

3) ശബരിമല തീർത്ഥാടന ടൂറിസം സർക്യൂട്ട് വികസിപ്പിക്കാനാണ് മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നതെന്ന് പമ്പയിലെ ആഗോള അയ്യപ്പ സംഗമത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

4) സംസ്ഥാനത്ത് നിക്ഷേപങ്ങൾ വർധിപ്പിക്കാനും സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പി.രാജീവ്.

5) ഏഷ്യ കപ്പ് ടി-20 ക്രിക്കറ്റിൽ സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

PNJUTVPM

**<u>രാഷ്ട്രപതി-ബീഹാർ</u>**

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാവിലെ ബീഹാറിലെ തീർത്ഥാടന നഗരമായ ഗയ ജിയിൽ എത്തി. വിഷ്ണുപാദ ക്ഷേത്രത്തിൽ രാഷ്ട്രപതി പൂജ നടത്തും. ഗയ വിമാനത്താവളത്തിൽ രാഷ്ട്രപതിയെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി, തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**<u>പ്രധാനമന്ത്രി - ഗുജറാത്ത്</u>**

പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെ ഭാവ്നഗറിൽ സംഘടിപ്പിച്ച 'സമുദ്ര സേ സമൃദ്ധി' പരിപാടിയെ അഭിസംബോധന ചെയ്തു. ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിച്ചു. സമുദ്രം, എൽ.എൻ.ജി അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജം, ദേശീയ പാത, ആരോഗ്യ സംരക്ഷണം, നഗര ഗതാഗതം എന്നീ മേഖലകളുമായി ബന്ധപ്പെട്ടതാണ് പദ്ധതികൾ.

ലോത്തലിലെ ദേശീയ സമുദ്ര പൈതൃക സമുച്ചയവും പ്രധാനമന്ത്രി സന്ദർശിക്കും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

**<u>അയ്യപ്പ സംഗമം (ഇൻട്രോ)</u>**

ശബരിമലയെയും സമീപപ്രദേശങ്ങളെയും ഒന്നിച്ചുചേർത്തുള്ള തീർത്ഥാടന ടൂറിസം സർക്യൂട്ട് വികസിപ്പിക്കാനാണ് ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശബരിമല, പമ്പ , പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് പ്രധാനമായും മുന്നോട്ടുവയ്ക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവിതാംകൂർ

ദേവസ്വം ബോർഡിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പമ്പാതീരത്ത് സംഘടിപ്പിച്ച ആഗോള അയ്യപ്പസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശബരി പാതയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിനൊപ്പം കേരള സർക്കാർ 50 % ചിലവ് വഹിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(വോയിസ്)

വിദേശ പ്രതിനിധികളടക്കം മൂവായിരത്തിലധികം പേരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും അയച്ച സന്ദേശങ്ങൾ ഉദ്ഘാടന വേദിയിൽ മന്ത്രി വി.എൻ. വാസവൻ വായിച്ചു. കേരളത്തിലെയും തമിഴ്നാട്ടിലെയും മന്ത്രിമാരും വിവിധ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു.

അതേസമയം, അയ്യപ്പ സംഗമം സംഘടിപ്പിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തെ ബിജെപിയും കോൺഗ്രസും വിമർശിച്ചു, ഇത് രാഷ്ട്രീയ പ്രേരിതമാണെന്ന് ഇരു പക്ഷവും ആരോപിച്ചു.

PRD TVPM

## ലക്ഷദ്വീപ് -മത്സ്യബന്ധനം

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം ഇന്ന് ഉച്ചയ്ക്ക് ശേഷം കൊച്ചിയിൽ നടക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മത്സ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

## ഫിഷിംഗ് ഹാർബർ-കേന്ദ്ര സെക്രട്ടറി

കേന്ദ്ര ഫിഷറീസ് വകുപ്പ് സെക്രട്ടറി ഡോ. അഭിലക്ഷ് ലിഖി കൊച്ചി ഫിഷിംഗ് ഹാർബർ സന്ദർശിക്കുകയും മത്സ്യത്തൊഴിലാളികളുമായി സംവദിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾ അവർ പിടികൂടിയ പ്രധാന ഇനങ്ങളായ ട്യൂണ, ചെമ്മീൻ, കണവ, മറ്റ് ഇനങ്ങൾ എന്നിവയെ കുറിച്ച് അദ്ദേഹത്തോട് വിശദീകരിച്ചു.

## തീരദേശ ശുചീകരണ ദിനം

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി കോസ്റ്റ് ഗാർഡ് വിഴിഞ്ഞം സ്റ്റേഷന്റെ നേതൃത്വത്തിൽ കോവളം ഹവ്വാ ബീച്ചിൽ ശുചിത്വ യജ്ഞം സംഘടിപ്പിച്ചു. തിരുവനന്തപുരം സിറ്റി പൊലീസ് കമ്മീഷണർ തോംസൺ ജോസ് പരിപാടി ഉദ്ഘാടനം ചെയ്തു. എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ മൂന്നാം ശനിയാഴ്ച അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനമായി ആചരിക്കുന്നു.

PNU TVPM

## ലക്ഷദ്വീപ്-ശുചീകരണം

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണങ്ങളുടെ ഭാഗമായി ഇന്ത്യൻ കോസ്റ്റ് ഗോർഡിന്റെ നേതൃത്വത്തിൽ ലക്ഷദ്വീപിലും സംയുക്തമായ തീരദേശ ശുചികരണ പരിപാടികൾ സംഘടിപ്പിച്ചു.

കവരത്തി ഗാന്ധി സ്ക്വയർ ബീച്ചിൽ നടന്ന ശുചീകരണ യജ്ഞം കോസ്റ്റ് ഗാർഡ് കമാൻഡർ ശിവ് ശങ്കർ സിംഗ് ഫ്ലാഗ് ഓഫ് ചെയ്തു. അന്ത്രോത്ത്, മിനിക്കോയ് ദ്വീപുകളിലും ശുചീകരണ പരിപാടി നടന്നു.

## പി.രാജീവ്

സംസ്ഥാനത്ത് നിക്ഷേപങ്ങൾ വർധിപ്പിക്കാനും സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പി.രാജീവ്. ഇതിന് ആവശ്യമായ ചട്ടഭേദഗതികൾ ഉൾപ്പെടെ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. വ്യവസായ-വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ഏഴാമത് മെഷിനറി എക്സ്പോ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രാവിലെ 10 മുതൽ വൈകിട്ട് ആറു വരെയാണ് എക്സ്പോയിൽ പ്രവേശനം. 200 ലേറെ സ്റ്റാളുകളാണ് പ്രദർശനത്തിലുണ്ടാവുക. കേന്ദ്ര സർക്കാരിൻറെ PMS പദ്ധതിയുടെ പിന്തുണയോടെ സംഘടിപ്പിക്കുന്ന എക്സ്പോ ഈ മാസം 23 ന് സമാപിക്കും.

## നവരാത്രി എഴുന്നള്ളത്ത്

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി പദ്മനാഭപുരത്ത് നിന്നുള്ള നവരാത്രി വിഗ്രഹങ്ങളുടെ എഴുന്നള്ളത്ത് ആരംഭിച്ചു. പദ്മനാഭപുരം കൊട്ടാരത്തിലെ ഉപ്പിരിക്ക മാളികയിൽ രാവിലെ നടന്ന ഉടവാൾ കൈമാറ്റ ചടങ്ങിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പങ്കെടുത്തു. തേവാരക്കെട്ട് സരസ്വതി ദേവി, ശുചീന്ദ്രം മുന്നൂറ്റിനങ്ക, വേളിമല കുമാരസ്വാമി എന്നീ വിഗ്രഹങ്ങളെയാണ് എഴുന്നള്ളിക്കുന്നത്. സംസ്ഥാന അതിർത്തിയായ കളിയിക്കാവിളയിൽ നാളെ രാവിലെ 11.30ന് വിഗ്രഹങ്ങൾക്ക് സ്വീകരണം നൽകും. ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. തിങ്കളാഴ്ച വൈകുന്നേരം 6.30 ന് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ

PNU TVPM

കിഴക്കേനടയിൽ ഘോഷയാത്ര എത്തിച്ചേരും. പദ്മതീർഥക്കുളത്തിലെ ആറാട്ടിനുശേഷം സരസ്വതി ദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തും. കുമാരസ്വാമിയെ ആര്യശാല ദേവീ ക്ഷേത്രത്തിലും മുന്നൂറ്റിനങ്കയെ ചെന്തിട്ട ഭഗവതി ക്ഷേത്രത്തിലും പൂജയ്ക്കിരുത്തും. ഈ മാസം 23-ന് നവരാത്രി പൂജ ആരംഭിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ശ്രീനാരായണ ഗുരു സമാധി

ശ്രീനാരായണ ഗുരുവിൻ്റെ 98-ാം സമാധിദിനാചരണം നാളെ. ദിനാചരണത്തോടനുബന്ധിച്ച് വർക്കല ശിവഗിരി മഹാസമാധിയിലും ചെമ്പഴന്തി ഗുരുകുലത്തിലും അരുവിപ്പുറത്തും ഗുരുദേവ ക്ഷേത്രങ്ങളിലും വിവിധ പരിപാടികൾ നടക്കും. വയൽവാരം വീട്ടിൽ നടക്കുന്ന സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ഡിജിറ്റൽ ആരോഗ്യ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ ' ഇന്ന്.

(വോയിസ്)

## സേവാ പർവ് (വോയിസ്)

( മ്യൂസിക്)

സർക്കാർ സംരംഭങ്ങൾ, നയ പരിഷ്കാരങ്ങൾ, സാങ്കേതിക

BNU TVPM

പുരോഗതി എന്നിവയിലൂടെ ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ മേഖല ഒരു ഡിജിറ്റൽ പരിവർത്തനത്തിന്റെ പാതയിലാണ്. 2021 സെപ്റ്റംബറിൽ ആരംഭിച്ച ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ, പൊതു-സ്വകാര്യ മേഖലകൾ തമ്മിലുള്ള സജീവ സഹകരണത്തിലൂടെ ശക്തമായ ഒരു ഡിജിറ്റൽ ആരോഗ്യ ആവാസവ്യവസ്ഥ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. രാജ്യത്തുടനീളമുള്ള ആശുപത്രികളെ ഇതിലൂടെ ബന്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. (ബൈറ്റ്- പിഎം )

ഇതുവരെ 80 കോടിയിലധികം ആയുഷ്മാൻ ഭാരത് ആരോഗ്യ അക്കൗണ്ടുകൾ സൃഷ്ടിക്കപ്പെട്ടു. 71 കോടിയിലധികം ആരോഗ്യ രേഖകൾ അവയുമായി ബന്ധിപ്പിച്ചിരിക്കുന്നു. തടസമില്ലാതെ സുഗമമായി ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ ഡിജിറ്റൽ ആരോഗ്യ മേഖലക്ക് സാധിച്ചെന്നാണ് വിലയിരുത്തൽ.

( മ്യൂസിക്)

RIJU TVPM

<u>ഏഷ്യാ കപ്പ് ക്രിക്കറ്റ്</u>

ഏഷ്യ കപ്പ് ടി20 ക്രിക്കറ്റിൻ്റെ സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ ശ്രീലങ്കയും ബംഗ്ലാദേശും ഏറ്റുമുട്ടും. രാത്രി എട്ടിന് ദുബായ് ഇൻ്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം.സൂപ്പർ 4 ൽ ഇന്ത്യയുടെ ആദ്യ മത്സരം നാളെ പാക്കിസ്ഥാനെതിരെ നടക്കും. ഗ്രൂപ്പ് എയിലെ എല്ലാ മത്സരങ്ങളും വിജയിച്ച് ഗ്രൂപ്പ് ചാമ്പ്യന്മാരായാണ് ഇന്ത്യയുടെ വരവ്.

## വനിതാ ക്രിക്കറ്റ്

മൂന്ന് മത്സരങ്ങളടങ്ങിയ ഇന്ത്യ-ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം. നിലവിൽ ഓരോ മത്സരങ്ങൾ വിജയിച്ച രണ്ട് ടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്.

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലിരിക്കെ ഇന്നലെ മരിച്ച ആളുടെ രോഗ ഉറവിടം സംബന്ധിച്ച് വ്യക്തത ലഭിച്ചിട്ടില്ലെന്ന് അധികൃതർ പറഞ്ഞു. തൃശൂർ ചാവക്കാട് സ്വദേശി റഹീം ആണ് ഇന്നലെ മരിച്ചത്. 59 വയസ്സായിരുന്നു. കോഴിക്കോട് ജില്ലയിൽ ഈ രോഗം ബാധിച്ച് ചികിൽസയിലിരിക്കെ മരിച്ചവരുടെ എണ്ണം എഴായി. നിലവിൽ 9 പേർ ചികിൽസയിലുണ്ട്.

RNU TVPM

## വിവരാവകാശ കമ്മീഷണർ

വിവരാവകാശ അപേക്ഷകളിൽ സമയബന്ധിതമായി മറുപടി നൽകാതിരിക്കുകയും തെറ്റായ വിവരങ്ങൾ നൽകുകയും ചെയ്താൽ പിഴയും വകുപ്പ്തല നടപടികളും നേരിടേണ്ടി വരുമെന്ന് സംസ്ഥാന വിവരാവകാശ കമീഷ്ണർ ടി കെ രാമകൃഷ്ണൻ. കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിങ്ങിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവരാവകാശവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് കൂടുതൽ പരിശീലനം നൽകുമെന്നും അദ്ദേഹം അറിയിച്ചു.